"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (പി.എസ്) വകുപ്പ്

സ.ഉ.(കൈ) നം.4/2021/സഹ. തീയതി,തിരുവനന്തപുരം, 09/02/2021

പരാമർശം:- സഹകരണസംഘം രജിസ്ട്രാറുടെ 23.07.2020, 12.10.2020 തീയതികളിലെ ആർ.സി.എസ്./7078/18 എം.റ്റി.-(1) നമ്പർ കത്തുകൾ.

ഉത്തരവ്

മഹാത്മ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം. എസ്. 449 'സി' ക്ലാസിഫിക്കേഷനിലാണ് പ്രവർത്തിക്കുന്നതെന്നും, ടി സംഘത്തിന് 25 ലക്ഷം രൂപയുടെ പ്രവർത്തി ലഭിച്ചുവെങ്കിലും നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 'സി' ക്ലാസിലെ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന വർക്കിന്റെ പരിധി 16 ലക്ഷം രൂപ ആയതിനാൽ ടി സംഘത്തിന് മേൽ വർക്ക് ഏറ്റെടുക്കുന്നതിന് ഒരു പ്രത്യേക ഉത്തരവ് ഉണ്ടാക്കുന്നതിനാണ് സംഘം അപേക്ഷിച്ചിരുന്നതെന്നും വലിയ തുകയുള്ള പ്രവൃത്തികൾ ടെണ്ടർ വിളിക്കുമ്പോൾ നോട്ടിഫിക്കേഷൻ പ്രകാരം ടെണ്ടർ സമർപ്പിക്കേണ്ട കാലാവധി വളരെ കുറഞ്ഞ ദിവസം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂവെന്നും, കുറഞ്ഞ ദിവസത്തിനുള്ളിൽ സർക്കാരിൽ നിന്നും ഓരോ സംഘത്തിനും പ്രത്യേക ഉത്തരവുകൾ വാങ്ങാനുള്ള സമയം ഉണ്ടാകാറില്ലെന്നും, ആയതിനാൽ പല ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കും ടെണ്ടറുകളിൽ പങ്കെടുക്കുവാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും, ടി സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന വർക്കുകളുടെ പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും കാണിച്ച് കേരള സ്റ്റേറ്റ് ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റീസ് അസോസിയേഷനും നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശ കത്തുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

2) കേരള സ്റ്റേറ്റ് ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റീസ് അസോസിയേഷൻ സമർപ്പിച്ചിട്ടുള്ള നിവേദത്തിൽ പരാമർശിച്ചിട്ടുള്ള, ചുവടെ ചേർത്തിട്ടുള്ള ക്ലാസിഫിക്കേഷൻ ഭേദഗതി പട്ടിക പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണയിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു.

| ക്ലാസ്സ് | ഏറ്റെടുക്കാവുന്ന ഒരു വർക്കിന്റെ പരിധി | ഏറ്റെടുക്കാവുന്ന ആകെ വർക്കുകളുടെ പരിധി | ആഡിറ്റ് ക്ലാസിഫിക്കേഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| A | 2 കോടി | 10 കോടി | A or B |
| B | 1 കോടി | 5 കോടി | A or B |
| C | 50 ലക്ഷം | 2 കോടി | B or C |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, സഹകരണ സംഘം രജിസ്ട്രാറുടെ ശുപാർശ കണക്കിലെടുത്ത്, മുകളിൽ ചേർത്തിട്ടുള്ള ക്ലാസിഫിക്കേഷൻ ഭേദഗതി പട്ടിക പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.എസ്.ശ്രീകല

ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (സഹകരണ സംഘം രജിസ്ട്രാർ മുഖേന)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.